16701
1/12/15

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ്- സംസ്ഥാനത്ത് പ്ളാന്റേഷൻ മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് വിശദമായി പഠിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള ഹൈക്കോടതിയിൽ നിന്നും വിരമിച്ച ജസ്റ്റിസ് എൻ. കൃഷ്ണൻനായരെ ഏകാംഗ കമ്മീഷനായി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================

**തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്**

**സ.ഉ.(കൈ.) നം.188/2015/തൊഴിൽ. തീയതി, തിരുവനന്തപുരം, 27-11-2015**

=====================================================

<u>ഉത്തരവ്</u>

സംസ്ഥാനത്ത് പ്ളാന്റേഷൻ മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് വിശദമായി പഠിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള ഹൈക്കോടതിയിൽ നിന്നും വിരമിച്ച ജസ്റ്റിസ് എൻ. കൃഷ്ണൻനായരെ ഏകാംഗ കമ്മീഷനായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു. അദ്ദേഹത്തിന്, കമ്മീഷന്റെ കാലാവധി സമയത്തേയ്ക്ക് കൺസോളിഡേറ്റഡ് അലവൻസ് ആയി ഒരു ലക്ഷം രൂപ അനുവദിച്ചിരിക്കുന്നു.

കമ്മീഷന്റെ ഓഫീസ് തിരുവനന്തപുരം തൊഴിൽ ഭവനിലും, പീരുമേട് ഗസ്റ്റ് ഹൗസിലും ആവശ്യമായ ക്രമീകരണം വരുത്തി പ്രവർത്തനക്ഷമമാക്കുന്നതിനും, സർക്കാർ വക ഔദ്യോഗിക വാഹനം തൊഴിൽ വകുപ്പിൽ നിന്നും അനുവദിക്കുന്നതിനും കമ്മീഷന്റെ ഓഫീസിന് വേണ്ടി വരുന്ന ആകസ്മിക ചെലവുകൾ അനുവദിക്കുന്നതിനും, കമ്മീഷന് ഒരു പേഴ്സണൽ അസിസ്റ്റന്റ്, ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഒരു ഡ്രൈവർ കം അറ്റൻഡർ എന്നീ തസ്തികകൾ തൊഴിൽ വകുപ്പിൽ നിന്ന് യോഗ്യതയുള്ള ജീവനക്കാരെ കമ്മീഷന്റെ കാലപരിധിയിലേയ്ക്ക് നിയമിക്കുന്നതിനും ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

കമ്മീഷന്റെ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സ്റ്റേഷനറി, കൺട്രോളർ ഓഫ് സ്റ്റേഷനറി അനുവദിക്കേണ്ടതാണ്.

കമ്മീഷന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ അച്ചടി പ്രിന്റിംഗ് ഡയറക്ടർ നിർവഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ടോം ജോസ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

ജസ്റ്റിസ്. എൻ. കൃഷ്ണൻനായർ, ചിന്മയാലയ, ശങ്കർ റോഡ്, ശാസ്തമംഗലം, തിരുവനന്തപുരം.
ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ളാന്റേഷൻസ്, കോട്ടയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ആഡിറ്റ്), കേരളം, തിരുവനന്തപുരം

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ഉന്നത വിദ്യാഭ്യാസ വകുപ്പ് .
സ്റ്റോർ പർച്ചേയ്സ് വകുപ്പ്.
പ്രിന്റിംഗ് ഡയറക്ടർ.
കൺട്രോളർ ഓഫ് സ്റ്റേഷനറി.
വിവര പൊതുജന സമ്പർക്ക വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 7768 തീയതി 25/11/15)
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ